08/06/2020
17.2.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1952(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 12000/എസ്.ഐ.സി–ജി 6/2014)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ. വി.എസ്.നാഥൻ,
വെള്ളാവള്ളി വീട്ടിൽ, പി.ഒ.പൂക്കോട്,
പത്തായക്കുന്ന് വഴി, കണ്ണൂർ – 670 691.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   താലൂക്ക് ഓഫീസ്,
   തലശ്ശേരി.

2. അപ്പീൽ അധികാരി,
   താലൂക്ക് ഓഫീസ്,
   തലശ്ശേരി.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.04.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.05.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 23.06.2014 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 13.07.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.07.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.08.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല. (മരണപ്പെട്ടു)<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ വി.എസ്.നാഥൻ, 29.07.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 11.04.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, എ.പി.165(2)/2011/എസ്.ഐ.സി, സി.പി.771(3)/2012/എസ്.ഐ.സി എന്നീ ഉത്തരവുകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നാണ്.

3. രണ്ടാം എതിർകക്ഷി 09.09.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 11.04.2014 ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരം ലഭ്യമായില്ലായെന്ന് കാണിച്ച് 24.06.2014 ൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെയും അപ്പീൽ ഹർജിക്കാരനെയും നേരിൽ കേൾക്കുകയും ചെയ്തു. അപ്പീൽ ഹർജിക്കാരന് ഓഫീസിൽ ഹാജരായി ഫയലുകൾ പരിശോധിച്ച് ആവശ്യമുള്ള രേഖകൾ വ്യക്തമാക്കുന്ന മുറയ്ക്ക് പകർപ്പുകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിരുന്നുവെങ്കിലും ടിയാൻ ആയത് സംബന്ധിച്ച് യാതൊന്നും വ്യക്തമാക്കുകയോ പരിശോധന ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. അപ്പീൽ ഹർജിക്കാരൻ വ്യക്തമായ വിവരങ്ങൾ ചൂണ്ടിക്കാണിച്ച് വിവരാവകാശ ഓഫീസറെ സമീപിക്കുകയാണെങ്കിൽ വിവരാവകാശ നിയമപ്രകാരം രേഖകൾ കാണിച്ചു കൊടുക്കാനും ആവശ്യമാണെങ്കിൽ പകർപ്പ് നൽകുവാനും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 21.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ നൽകാൻ കഴിയുന്ന എല്ലാ വിവരവും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയതായി

കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN